# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 മാർച്ച് 24**

---

## പഠന, ഗവേഷണ മേഖലകളിൽ സഹകരണത്തിന് എം.ജി സർവകലാശാല-ഐ.ഐ.എം.ആർ ധാരണ

*പഠന, ഗവേഷണ മേഖലകളിൽ സഹകരിക്കുന്നതിന് മഹാത്മാ ഗാന്ധി സർവകലാശാലയും ഹൈദരാബാദിലെ ഇന്ത്യൻ ഇൻസ്റ്റിന്യൂട്ട് ഓഫ് മില്ലെറ്റ് റിസർച്ചും(ഐഐഎംആർ) തമ്മിൽ ധാരണയായി. എം.ജി സർവകലാശാല രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും ഐഐഎംആർ ഡയറക്ടർ ഡോ. താര സത്യവതിയുമാണ് ധാരാണാപത്രത്തിൽ ഒപ്പുവച്ചത്.*

*ഇതോടനുബന്ധിച്ചു നടന്ന ഓൺലൈൻ ചടങ്ങിൽ എം.ജി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, ഐഐഎംആർ ഡയറക്ടർ ഡോ. ആർ. താര സത്യവതി, സ്റ്റുഡന്റ്സ്-എച്ച്.ആർ.എം കമ്മിറ്റി ചെയർപേഴ്സൺ ഡോ. ആർ സഞ്ജന, നോഡൽ ഓഫീസർ ഡോ. ജെ. സ്റ്റാൻലി, ഡോ. ബി. അമാസിദ്ധ, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കെ.എൻ. ഗണപതി, എം.ജി സർവകലാശാലാ റിസർച്ച് ഡയറക്ടർ ഡോ. കെ. ജയചന്ദ്രൻ, സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജി ഡയറക്ടർ ഡോ. എം.എസ്. ജിഷ, കോ-ഓർഡിനേറ്റർ ഡോ. അനൂജ തോമസ്, ഡോ. ലിനു എം. സലിം, സജാദ് റഹ്മാൻ, കെ.ജെ. ജിസ്മി എന്നിവർ പങ്കെടുത്തു.*

*ഐഐഎംആറുമായുള്ള സഹകരണം ഫുഡ് സയൻസ് ആന്റ് ടെക്നോളജി വകുപ്പിലെ വിദ്യാർഥികൾക്ക് ഏറെ സാധ്യതകൾ നൽകുന്നതാണെന്ന് വൈസ് ചാൻസലർ പറഞ്ഞു. ഐഐഎംആറിലെ ലാബോറട്ടറി സംവിധാനം പ്രയോജനപ്പെടുത്തുന്നതിനും അവിടുത്തെ വിദഗ്ധരുമായി സംവദിക്കുന്നതിനും അവസരമുണ്ടാകും. മില്ലറ്റ് ഫംഗ്ഷണൽ എൻഹാൻസ്മെന്റ് എന്ന വിഷയത്തിൽ നിലവിൽ രണ്ടു സ്ഥാപനങ്ങളും സഹകരിച്ചുള്ള ഗവേഷണം നടക്കുന്നുണ്ട്.*

*ഫോട്ടോ ക്യാപ്ഷൻ....*

*മഹാത്മാ ഗാന്ധി സർവകലാശാലയും ഹൈദരാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലെറ്റ് റിസർച്ചും തമ്മിൽ ഒപ്പുവച്ച ധാരണാപത്രം സർവകലാശാലയിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറും രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും പ്രദർശിപ്പിക്കുന്നു. സജാദ് റഹ്മാൻ, കെ.ജെ. ജിസ്മി, ഡോ. ലിനു സലിം, ഡോ. എം.എസ്. ജിഷ, ഡോ. കെ. ജയചന്ദ്രൻ, ഡോ. അനുജ തോമസ്, കെ.സി. ശിവപ്രിയ എന്നിവർ സമീപം.*

*(പി.ആർ.ഒ/39/1414/2025)*

## അരികു ജീവിതം; ഗവേഷക കൂട്ടായ്മ ഏപ്രിൽ ഒന്നുമുതൽ

*മഹാത്മാഗാന്ധി സർവ്വകലാശാലയിലെ കെ. ആർ നാരായണൻ ചെയർ ഫോർ ഹ്യൂമൻ റൈറ്റ്സ് അന്റ് സോഷ്യൽ ജസ്റ്റീസ് സംഘടിപ്പിക്കുന്ന ഗവേഷക കൂട്ടായ്മ ഏപ്രിൽ ഒന്ന്, രണ്ട് തീയതികളിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നടക്കും.*

*അരികു ജീവിതം; ഓർമ, പ്രതിരോധം എന്നതാണ് പരിപാടിയുടെ വിഷയം. ഒന്നാം തീയതി രാവിലെ 10ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിക്കും. കെ. ആർ നാരായണൻ ചെയർ പ്രൊഫസർ ഡോ. സുഖ്ദേവ് തോറാട്ട്, പ്രശസ്ത സാമൂഹ്യ ശാസ്ത്രജ്ഞൻ പ്രഫ. സതീഷ് ദേശ് പാണ്ഡേ എന്നിവർ പ്രഭാഷണം നടത്തും.*

*സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, പ്രഫ.എസ്. രാജു, എം. ഗീതാനന്ദൻ, കേരള ചരിത്ര ഗവേഷണ കൗൺസിൽ ഡയറക്ടർ പ്രഫ. ദിനേശൻ വടക്കിനിയിൽ, മുൻ ഡയറക്ടർ പ്രഫ. പി. സനൽ മോഹൻ, കെ. ആർ നാരായണൻ ചെയർ കോ-ഓർഡിനേറ്റർ ഡോ. രാജേഷ് കോമത്ത്, ഡോ. ജോബി മാത്യു, ഡോ. അപർണ ഈശ്വരൻ എന്നിവർ സംസാരിക്കും.*

*അധികാരവും സ്വാധീനവും വിഭവങ്ങളുമില്ലാത്ത മനുഷ്യരുടെ ജീവിതത്തെ ചരിത്രത്തിന്റെയും സാമൂഹ്യ ശാസ്ത്രത്തിന്റെയും വീക്ഷണത്തിൽ വിലയിരുത്തുന്ന പഠനങ്ങൾ ഗവേഷണ വിദ്യാർഥികൾ അവതരിപ്പിക്കും. എം.ജി സർവകലാശാലയിലെയും രാജ്യത്തെ മറ്റു സർവകലാശാലകളിലെയും വിദ്യാർഥികൾ പങ്കെടുക്കും.*

*ഗവേഷക കൂട്ടായ്മയോടനുബന്ധിച്ച് ഏപ്രിൽ ഒന്നിന് വൈകുന്നേരം വടക്കേ മലബാറിലെ ഗ്രാമങ്ങളിൽ കെട്ടിയാടുന്ന വസൂരിമാല തെയ്യത്തിന്റെ അവതരണവും നടക്കും.*

*(പി.ആർ.ഒ/39/1415/2025)*

## എംജിയു-യുജിപി; ഉത്തരക്കടലാസുകളുടെ പകർപ്പുകൾ സ്റ്റുഡന്റ് പ്രൊഫൈലിൽ ലഭിക്കും

*ഒന്നാം സെമസ്റ്റർ എംജിയു-യുജിപി(ഓണേഴ്സ് ബിബിഎ, ബിസിഎ എന്നിവ ഒഴികെ നവംബർ 2024) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പകർപ്പിനായി അപേക്ഷിച്ച വിദ്യാർഥികൾക്ക് ഇവ സ്റ്റുഡന്റ് പ്രൊഫൈലിൽ ലഭിക്കുമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു. സ്കാൻ ചെയ്ത പകർപ്പിന് അപേക്ഷിക്കുന്നവർക്കുമാത്രമേ ഉത്തരക്കടലാസുകളുടെ പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധയ്ക്കും അപേക്ഷ നൽകാൻ കഴിയൂ.*

*പുനർ മൂല്യനിർണയം നടത്തുന്നതിന് ഫീസ് അടച്ച് മാർച്ച് 31വരെ സ്റ്റുഡന്റ് പ്രൊഫൈൽ (*edp.mgu.ac.in*) മുഖേന അപേക്ഷ നൽകാം.*

*സ്കാൻ ചെയ്ത പകർപ്പുകൾ പരിശോധിച്ചശേഷം പരാതികൾ ഉള്ളവർക്ക് സൂക്ഷ്മ പരിശോധന നടത്തുന്നതിന് ഫീസ് അടച്ച് മാർച്ച് 31വരെ സ്റ്റുഡന്റ് പ്രൊഫൈൽ മുഖേന അപേക്ഷിക്കാം. പരാതി സംബന്ധിച്ച വിവരങ്ങൾ അപേക്ഷ നൽകുമ്പോൾ പോർട്ടലിൽ വ്യക്തമാക്കണം.*

*വിവിധ വിഷയങ്ങളുടെ പുനർമൂല്യനിർണയവും സൂക്ഷ്മപരിശോധനയും ആവശ്യമുള്ളവർ എല്ലാ സേവനങ്ങളും ഒന്നിച്ചു സെലക്ട് ചെയ്ത് അപേക്ഷിക്കണം. ഒരു തവണ പുനർമൂല്യനിർണയത്തിനോ സൂക്ഷ്മ പരിശോധയ്ക്കോ ഓൺലൈനിൽ അപേക്ഷിക്കുന്നവർക്ക് പിന്നീട് അതേ വിഷയത്തിന്റെയോ മറ്റു വിഷയങ്ങളുടെയോ പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും അപേക്ഷ നൽകാൻ കഴിയില്ല. ഒരു തവണ സമർപ്പിച്ച അപേക്ഷ എഡിറ്റ് ചെയ്യാനോ വീണ്ടും സമർപ്പിക്കാനോ സാധിക്കില്ല.*

*(പി.ആർ.ഒ/39/1416/2025)*

## തിരുവല്ല മാർത്തോമ കോളജിന് ജനറൽ ബിപിൻ റാവത്ത് എൻ.സി.സി അവാർഡ്

*മികച്ച എൻ.സി.സി യൂണിറ്റിന് മഹാത്മാ ഗാന്ധി സർവകലാശാല പുതിയതായി ഏർപ്പെടുത്തിയ ജനറൽ ബിപിൻ റാവത്ത് അവാർഡ് തിരുവല്ല*

*മാർത്തോമ കോളജിന്. 2020-21 വർഷത്തെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് പുരസ്കാരത്തിന് തിരഞ്ഞെടുത്തത്.*

*ഇക്കാലയളവിൽ മാർത്തോമ കോളജിലെ എൻസിസി കേഡറ്റുകൾ റിപ്പബ്ലിക് ദിന ക്യാമ്പ് ഉൾപ്പെടെയുള്ള ദേശീയ ക്യാമ്പുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും മികച്ച കേഡറ്റുകൾക്കുള്ള മുഖ്യമന്ത്രിയുടെ പുരസ്കാരം നേടുകയും ചെയ്തിരുന്നു. കോവിഡ് കാലത്തും പ്രളയ നാളുകളിലും നടത്തിയ പ്രവർത്തനങ്ങളും നിർധന സ്കൂൾ വിദ്യാർഥികളുടെ ക്ഷേമത്തിനായുള്ള ഇടപെടലുകളും ലഹരിവിരുദ്ധ ബോധവത്കരണം, പ്രകൃതിസംരക്ഷണം, വിശപ്പുരഹിത തിരുവല്ല പദ്ധതി തുടങ്ങിയവയിലെ പങ്കാളിത്തവും പുരസ്കാരനിർണയസമിതി പരിഗണിച്ചു.*

*ഇന്ന്(മാർച്ച് 25) മാർത്തോമാ കോളജിൽ നടക്കുന്ന ചടങ്ങിൽ സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പുരസ്കാരം സമ്മാനിക്കും. സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ മുഖ്യാതിഥിയാകും. മാർത്തോമ സഭ സെക്രട്ടറി റവ.എബി ടി മാമ്മൻ അനുഗ്രഹ പ്രഭാഷണം നടത്തും. എൻ.സി.സി 15-ാം കേരള ബറ്റാലിയൻ കമാൻഡിംഗ് ഓഫീസർ കേണൽ ജേക്കബ് ഫ്രീമാൻ, എംജി സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വക്കേറ്റ് പി.ബി. സതീഷ് കുമാർ അഡ്വ. അമൽ എബ്രഹാം സ്റ്റുഡൻസ് സർവീസ് വിഭാഗം മേധാവി അലക്സാണ്ടർ കെ. സാമുവൽ, കോളേജ് പ്രിൻസിപ്പൽ ഡോക്ടർ മാത്യു വർക്കി എന്നിവർ സംസാരിക്കും.*

*(പി.ആർ.ഒ/39/1417/2025)*

## കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെന്റ് നൽകണം

*മഹാത്മാ ഗാന്ധി സർവകലാശാലാ പെൻഷൻകാരുടെ 2025-2026 സാമ്പത്തിക വർഷത്തെ വരുമാന നികുതി കണക്കാക്കുന്നതിനുള്ള ആന്റിസിപ്പേറ്ററി കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെന്റ് ഫോറം ഏപ്രിൽ 15ന് മുൻപ് സമർപ്പിക്കണം.*

*സർവകലാശാല വെബ്സൈറ്റിൽ*(www.mgu.ac.in) *സർക്കുലേഷൻസ്, പെൻഷൻ പോർട്ടൽ എന്നീ ലിങ്കുകളിൽ ലഭിക്കുന്ന ഫോറം പൂരിപ്പിച്ച് നടപ്പു സാമ്പത്തിക വർഷത്തെ സേംവിംഗ്സിന്റെ അസ്സൽ രേഖകൾ സഹിതം രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-686 560 എന്ന വിലാസത്തിലാണ് അയയ്ക്കേണ്ടത്.*

*(പി.ആർ.ഒ/39/1418/2025)*

## പ്രൊജക്റ്റ് വൈവ

*ആറാം സെമസ്റ്റർ ബിഎ കോർപ്പറേറ്റ് ഇക്കണോമിക്സ് മോഡൽ 3 (പുതിയ സ്കീം-2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രൊജക്റ്റ് വൈവ പരീക്ഷ ഏപ്രിൽ 24ന് പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

.........................

*ആറാം സെമസ്റ്റർ ബിഎ ഇക്കണോമിക്സ് മോഡൽ 2 (പുതിയ സ്കീം-2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രൊജക്റ്റ് വൈവ പരീക്ഷ ഏപ്രിൽ 22 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1419/2025)*

## പ്രാക്ടിക്കൽ

*മൂന്നാം സെമസ്റ്റർ എംഎസ്സി ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 21ന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1420/2025)*

## പരീക്ഷാ തീയതി

*ഒന്നാം സെമസ്റ്റർ ത്രിവത്സര യുണിറ്ററി എൽ.എൽ.ബി (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ത്രിവത്സര എൽ.എൽ.ബി (2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015, 2016 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്-അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾ ഏപ്രിൽ എട്ടിന് ആരംഭിക്കും.*

*(പി.ആർ.ഒ/39/1421/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ